പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1157** **02.05.2017 ൽ മറുപടിയ്ക്ക്**

**വിഷുവിന് പച്ചക്കറി വില പിടിച്ചുനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം<br>ശ്രീ. ഡി. കെ മുരളി | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇക്കഴിഞ്ഞ വിഷുവിന് പച്ചക്കറി വില പിടിച്ചു നിർത്തുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.സി.പി.കെ എന്നിവയുടെ സഹകരണത്തോടെ 2017 ഏപ്രിൽ മാസത്തിൽ "വിഷുക്കണി" എന്ന പേരിൽ സംസ്ഥാനത്തുടനീളം 1090 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. ഈ പദ്ധതി മുഖേന കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം/പച്ചക്കറി ഉൽപ്പന്നങ്ങൾ ന്യായവിലനൽകി നേരിട്ട് സംഭരിച്ച് ഉപഭോക്താക്കൾക്ക് ഗുണമേന്മയും, സുരക്ഷിതവുമായ കാർഷികോൽപ്പന്നങ്ങൾ മിതമായ നിരക്കിൽ എത്തിക്കുന്നതിനും സാധിച്ചു. ഓരോ ജില്ലയിലും അധികമായി ഉൽപാദിപ്പിക്കുന്ന പച്ചക്കറിയിനങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് മറ്റു ജില്ലകളിലെ വിഷു വിപണികളിൽ ലഭ്യമാക്കുകയും ഇതിനു പുറമേ സംസ്ഥാനത്ത് ആവശ്യത്തിന് ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വിഷു വിപണികളിൽ ലഭ്യമാക്കി വിതരണം നടത്തുകയും ചെയ്തു. |
| (ബി) വിപണിയിൽ ഇടപെട്ടതുമൂലം പച്ചക്കറി വില പിടിച്ചു നിർത്താൻ കഴിഞ്ഞുവോ; | (ബി) വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിനായി എത്ര തുക ചെലവായിയെന്നു വെളിപ്പെടുത്തുമോ ? | (സി) ലഭ്യമായ കണക്കുകൾ പ്രകാരം 70.34432 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**